# കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

(1956 ലെ ഇൻഡ്യൻ കമ്പനി നിയമപ്രകാരം അംഗമാക്കപ്പെട്ടത്)
രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതിഭവനം, പട്ടം,
തിരുവനന്തപുരം - 695 004

**സംഗ്രഹം**

ഭരണഭാഷാ സേവന പുരസ്കാരങ്ങൾ - ജേതാക്കളെ നിർണയിക്കുന്നതും പുരസ്കാരങ്ങൾ വിതരണം ചെയ്യുന്നതും സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കോർപ്പറേറ്റ് ഓഫീസ് (പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട് മെന്റ് )**

ബോ.ഉ.(സി.എം.ഡി) /നം.1545/2014 (നം.പി.ആർ/എം.സി-6/ഔ.ഭാ/1/2014) തിരുവനന്തപുരം, തീയതി 31/05/2014

പരാമർശം :- 1. 23/05/2014 ലെ ചീഫ് പബ്ളിക് റിലേഷൻസ് ഓഫീസറുടെ കുറിപ്പ്.
2. ബോ.ഉ(സി.എം) നം. 41/2013(പി.ആർ.1/ഔ.ഭാ/2012-13) തിരുവനന്തപുരം തീയതി 04.01.2013.

**ഉത്തരവ്**

2013 ഡിസംബർ മാസം 6 ന് കൂടിയ ബോർഡിന്റെ ഔദ്യോഗിക ഭാഷാ ഉന്നതതലസമിതി യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1) കഴിഞ്ഞ വർഷം പ്രഖ്യാപിച്ചിരുന്ന ഭരണഭാഷാ പുരസ്കാരങ്ങൾ നൽകുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുക.
2) ഫയലുകളിലെ ഉള്ളടക്കം മാറാതെ ഭംഗിയായും, തെറ്റില്ലാതെയും ടൈപ്പ് ചെയ്യുകയും, ഡി.റ്റി.പി എടുക്കുകയും ചെയ്യുന്ന ടൈപ്പിസ്റ്റ്/സ്റ്റെനോഗ്രാഫർ മാർക്ക്കൂടി ഭരണഭാഷാ സേവനപുരസ്കാരങ്ങൾ ഏർപ്പെടുത്തുക.
3) പത്താംക്ലാസ്, പ്ളസ്-ടു തലങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ക്യാഷ് അവാർഡിന് പരിഗണിയ്ക്കുമ്പോൾ അവരിൽ മലയാളത്തിന് ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച രണ്ട് പേർക്ക് വീതം ഭാഷാവർഷാചരണ സമാപനത്തോടനുബന്ധിച്ച് നടത്തപ്പെടുന്ന സമ്മേളനത്തിൽവച്ച് പ്രശസ്തിപത്രവും ഉപഹാരവും കൊടുക്കുക.

പരാമർശം (2) ലെ ബോർഡുത്തരവ് പ്രകാരം വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ കാര്യാലയങ്ങളെ ഒൻപത് യൂണിറ്റുകളായി തരംതിരിച്ച് രണ്ടു തരത്തിലുള്ള ഭരണഭാഷാ പുരസ്കാരങ്ങൾ നൽകുവാൻ ബോർഡ് തീരുമാനിച്ചു.

1) ഔദ്യോഗികരംഗത്ത് മലയാളത്തിൽ ചെയ്ത ജോലിയുടെ മൂല്യവും, വ്യാപ്തിയും കണക്കാക്കി അസിസ്റ്റന്റ് അക്കൗണ്ട്സ് ആപ്പീസർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർതലം വരെയുള്ള ബോർഡ് ജീവനക്കാർക്ക് നൽകുന്ന 'ഭരണഭാഷാ സേവനപുരസ്കാരം'.

2) ഭാഷാപോഷണത്തിനും, ഭരണഭാഷാ മാറ്റത്തിനും ഉതകുമാറ് ആവിഷ്കരിച്ച് നടപ്പാക്കിയ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ മികച്ച കാര്യാലയങ്ങൾക്ക് നൽകുന്ന 'ഭരണഭാഷാ പ്രവർത്തന മുന്നേറ്റപുരസ്കാരം'.

2014 നവംബർ ആദ്യവാരം സംഘടിപ്പിയ്ക്കുന്ന ഭരണഭാഷാ സമ്മേളനത്തിൽ വച്ച് പുരസ്കാരം വിതരണം നടത്തേണ്ടതും അതിന് മുമ്പേ യൂണിറ്റ്-സംസ്ഥാന തല പുരസ്കാര നിർണയ സമിതികൾ

രൂപീകരിച്ച് ജേതാക്കളെ നിർണയിക്കേണ്ടതും അവരുടെ പേരുവിവരം പ്രസിദ്ധപ്പെടുത്തേണ്ടതും പത്താംക്ലാസ്, പ്ലസ് ടു തലങ്ങളിൽ ഉയർന്ന മാർക്ക് കരസ്ഥമാക്കിയ കുട്ടികളെ കണ്ടെത്തേണ്ടതുമുണ്ടെന്ന് ചീഫ് പബ്ളിക് റിലേഷൻസ് ഓഫീസർ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ അദ്ദേഹം സമർപ്പിച്ചു.

1) യൂണിറ്റ്തല ഭരണഭാഷാ സേവനപുരസ്കാര നിർണയ സമിതികളും ടൈപ്പിസ്റ്റ്/സ്റ്റെനോഗ്രാഫർ മാർക്കായുള്ള മേഖലാതല പുരസ്കാര നിർണയ സമിതികളും 2014 ജൂൺ 30 ന് മുമ്പായി രൂപീകരിക്കുക.

2) എല്ലാ സംസ്ഥാനതല പുരസ്കാര നിർണയ സമിതികളും സപ്തംബർ 30 ന് മുമ്പായി രൂപീകരിക്കുക.

3) യൂണിറ്റ്തല ഭരണഭാഷാ സേവനപുരസ്കാരത്തിനുള്ള അപേക്ഷകളും, ടൈപ്പിസ്റ്റ്/സ്റ്റെനോഗ്രാഫർ മാർക്കുള്ള മേഖലാതല പുരസ്കാരത്തിനായുള്ള അപേക്ഷകളും 2014 ജൂൺ 30 ന മുമ്പായി നിർദ്ദിഷ്ട അധികാരികൾക്ക് സമർപ്പിക്കുക.

4) യൂണിറ്റ്തല ഭരണഭാഷാ സേവനപുരസ്കാര ജേതാക്കളെയും മേഖലാതല പുരസ്കാര ജേതാക്കളെയും (ടൈപ്പിസ്റ്റ്/സ്റ്റെനോഗ്രാഫർ) 2014 ജൂലൈ 31 ന് മുമ്പായി നിർണയിക്കേണ്ടതും, വിജയികളുടെ നോമിനേഷൻ 2014 ആഗസ്റ്റ് 15 ന മുമ്പായി സംസ്ഥാനതല പുരസ്കാര നിർണയ സമിതി മുമ്പാകെ സമർപ്പിക്കുകയും വിജയികളുടെ പേരുവിവരം (രണ്ട് പകർപ്പ്) ബോർഡിന്റെ ഉന്നതതല സമിതിക്ക് നൽകുകയും ചെയ്യുക.

5) സംസ്ഥാനതലത്തിലുള്ള ഭരണഭാഷാ സേവനപുരസ്കാര ജേതാക്കൾ ഭരണഭാഷാ പ്രവർത്തന മുന്നേറ്റ പുരസ്കാര ജേതാക്കൾ, സംസ്ഥാനതല ഭരണഭാഷാസേവന (ടൈപ്പിസ്റ്റ്/സ്റ്റെനോഗ്രാഫർ) പുരസ്കാര ജേതാക്കൾ എന്നിവരെ 2014 സെപ്തംബർ 30ന് മുമ്പായി നിർണയിക്കുകയും വിജയികളുടെ പേരുവിവരം (രണ്ട് പകർപ്പ്) ബോർഡിന്റെ ഉന്നതതല സമിതിക്ക് സമർപ്പിക്കുകയും ചെയ്യുക.

6) മൂല്യനിർണയ പത്രിക, സമിതി അദ്ധ്യക്ഷന്റെയും, അംഗങ്ങളുടെയും അഭിപ്രായങ്ങൾ (രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ), മൂല്യനിർണ്ണയത്തിനായി ലഭ്യമാക്കിയ രേഖകളുടെ (എഴുതിയ കുറിപ്പ്, ടൈപ്പ് ചെയ്ത/ഡി.ടി.പി എടുത്ത ഫയലുകൾ മുതലായവ) പകർപ്പ്, പുരസ്കാര നിർണയവുമായി ബന്ധപ്പെട്ട മറ്റു രേഖകൾ എന്നിവ പുരസ്കാര നിർണ്ണയ സമിതി അദ്ധ്യക്ഷൻ മൂന്നു വർഷംവരെ സുരക്ഷിതമായി സൂക്ഷിക്കുക.

7) പത്താംക്ലാസ്, പ്ലസ് ടു തലങ്ങളിൽ വ്യത്യസ്ത സിലബസുകൾ നിലവിലുണ്ട്. സി.ബി.എസ്.ഇ. അനുസരിച്ച് ഗ്രേഡ് സമ്പ്രദായം മാത്രമാണ് നിലവിലുള്ളത്. ആയതുകൊണ്ട് ഏറ്റവും കൂടുതൽ മാർക്ക് നേടിയ രണ്ടു കുട്ടികളെ കണ്ടെത്തുക പ്രയാസമാണ്. ഈ സാഹചര്യത്തിൽ മലയാളത്തിൽ 90 ശതമാനമോ, അതിൽ കൂടുതൽ മാർക്കോ, A+ ഗ്രേഡോ ലഭിച്ച കുട്ടികളെ അനുമോദിയ്ക്കുന്നത് ഉചിതമായിരിയ്ക്കും. ഇവരെ കണ്ടെത്തുന്നതിനായി 2014 ൽ വിജയിച്ച ബോർഡ് ജീവനക്കാരുടെ പത്താംക്ലാസ്, പ്ലസ് ടു തലത്തിലുള്ള കുട്ടികളുടെ മാർക്ക് ലിസ്റ്റ്/റിസൾട്ട് ഷീറ്റ്-ന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഔദ്യോഗിക ഭാഷാ ഉന്നതതലസമിതിയ്ക്ക് 2014 സെപ്തംബർ 30 ന് മുമ്പായി സമർപ്പിക്കുക.

8) പുരസ്കാരം സംബന്ധിച്ച വിവരങ്ങൾ എല്ലാ ഉദ്യോഗസ്ഥരെയും അറിയിക്കുക, പുരസ്കാര നിർണയ സമിതികൾ രൂപീകരിക്കുക, യൂണിറ്റ്-മേഖല-സംസ്ഥാന തലങ്ങളിലുള്ള ജേതാക്കളെ കണ്ടെത്തുക ഇത്യാദി കാര്യങ്ങൾ നിർവഹിക്കുന്നതിനായി ഒരു പരിപത്രം പുറപ്പെടുവിക്കുക.

മേൽ സൂചിപ്പിച്ച കാര്യങ്ങൾ പരിഗണിച്ച് താഴെ പറയുന്ന തീരുമാനങ്ങൾ ബോർഡ് കൈക്കൊണ്ടു.

1) സംസ്ഥാന സർക്കാരിൽ ചെയ്തതുപോലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലും, ടൈപ്പിസ്റ്റ്/സ്റ്റെനോഗ്രാഫർ മാർക്കായി മേൽ നിർദ്ദേശിച്ച വിധം ഭരണഭാഷാ സേവനപുരസ്കാരം ഏർപ്പെടുത്താം.
2) ഇതിനായി അനുബന്ധമായി ചേർത്തിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും അംഗീകരിക്കുന്നു.
3) കഴിഞ്ഞ വർഷം പ്രഖ്യാപിച്ചതുൾപ്പെടെ എല്ലാ പുരസ്കാരജേതാക്കളെ കണ്ടെത്തുന്നതിനായി മേൽപറഞ്ഞ നിർദ്ദേശങ്ങൾ അംഗീകരിക്കുന്നു.
4) പത്താംക്ലാസ്, പ്ലസ് ടു തലങ്ങളിൽ 2014 ൽ വിജയം കൈവരിച്ച, ബോർഡ് ജീവനക്കാരുടെ കുട്ടികളിൽ മലയാളത്തിന് 90 ശതമാനമോ, അതിൽ കൂടുതൽ മാർക്കോ, A+ ഗ്രേഡോ ലഭിച്ചവരെ അനുമോദിക്കുന്നതാണ്.
5) പുരസ്കാരനിർണയവും വിതരണവും സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുന്നതിനും എല്ലാ ബോർഡുദ്യോഗസ്ഥരെയും വിവരങ്ങൾ അറിയിക്കുന്നതിനുമായി ഒരു പരിപത്രം പുറപ്പെടുവിക്കാം.

തദനുസൃതമായ ബോർഡുത്തരവ് പുറപ്പെടുവിക്കുന്നു.

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ആജ്ഞാനുസരണം

(ഒപ്പ്)

**എം. ഷാഹുൽ ഹമീദ്**

സെക്രട്ടറി (ഭരണം)

സ്വീകർത്താവ്

ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ

പകർപ്പ് ;

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ,ഇല.സർക്കിൾ,തൃശൂർ/ഫിനാൻഷ്യൽ അഡ്വൈസർ /ചീഫ് ഇന്റേർണൽ ആഡിറ്റർ/ചെയർമാന്റെ റ്റി.എ/ സെക്രട്ടറിയുടെ പിഎ/ അക്കൗണ്ട്സ് വിഭാഗം(ബോർഡ് സെക്രട്ടറിയേറ്റ്)/ ഡയറക്ടർ (ഐ.റ്റി)/എ.ജി /ലീഗൽ ലെയ്സൺ ഓഫീസർ/ലൈബ്രറി /ഫയൽ /കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**സീനിയർ സൂപ്രണ്ട്**